File No.DHS/2044/2022-EA1

# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
# തിരുവനന്തപുരം

വിഷയം :- ആ.വ.ഡ-ജീവനക്കാര്യം -സ്പെഷ്യാലിറ്റി കേഡർ - ഡോ സ്വപ്ന എം എസ്, ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി)-നിയമന ഉത്തരവിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന :- 1. ഉത്തരവ് നം . ഇ എ 1 -54500(1)/2016/ആ.വ.ഡ തീയതി 14.05.2021

2. നം . എ 1 -21798/ 2021 /ജി.മെ.ആ തൃശ്ശൂർ തീയതി 22.06.2022

**ഉത്തരവ് നം. ഇ.എ 1 -2044 /2022/ആ.വ.ഡ തീയതി 16.10.2022**

ആരോഗ്യവകുപ്പിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ആയിരുന്ന ഡോ സ്വപ്ന എം എസ്, ഉപരിപഠനാർത്ഥമുള്ള ശൂന്യവേതന അവധിക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തു നിന്ന 10.05.2021 മുതൽ 16.05.2021 വരെയുള്ള കാലയളവ് ക്രമപ്പെടുത്തി ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടു പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു .

ഡോ സ്വപ്ന എം എസ്, തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും പരാമർശം (1 ) പ്രകാരം നിയമന ഉത്തരവ് നൽകിയത് 14.05.2021 നാണ്. പ്രസ്തുത ഉത്തരവ് പ്രകാരം ടിയാരി 17.05.2021 പൂർവാഹനത്തിൽ തൃശ്ശൂർ ചേലക്കര താലൂക്ക് ആശുപതിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ആയ ഡോ സ്വപ്ന എം എസ്, ഉപരിപഠനാർത്ഥമുള്ള ശൂന്യവേതന അവധിക്കു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായി കാത്തു നിന്ന 10.05.2021 മുതൽ 16.05.2021 വരെയുള്ള കാലയളവ് കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം 1, ചട്ടം 12 (7 ) ലെ കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

ഒപ്പ് /-

**ഡോ. വി മീനാക്ഷി**

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

ഡോ സ്വപ്ന എം എസ്, ജൂനിയർ കൺസൽട്ടന്റ്, (ഗൈനക്കോളജി),
താലൂക്ക് ആശുപതി, ചേലക്കര, തൃശ്ശൂർ

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ, തൃശ്ശൂർ
3. സൂപ്രണ്ട് , താലൂക്ക് ആശുപതി, ചേലക്കര, തൃശ്ശൂർ
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

17/10/22

സൂപ്രണ്ട്